പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2681 6.2.2018-ൽ മറുപടിയ്ക്ക്

**കേരള ഫീഡ്സിലെ ദിവസവേതനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിന് നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.എം. ആരിഫ് | | അഡ്വ.കെ.രാജു (വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) | കേരള ഫീഡ്സിൽ 3 വർഷം തുടർച്ചയായി ജോലി ചെയ്ത ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുവാനുള്ള, 29.06.2010 ലെ ഡയറക്ടർ ബോർഡിന്റെ 18/79ാം നമ്പർ തീരുമാനം നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ 13-12-2010 തീയ്യതിയിലെ ഡയറക്ടർ ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം പ്രസ്തുത തിയ്യതിയിൽ ജോലിയിൽ തുടരുന്നവരും 3 വർഷം പൂർത്തീകരിച്ചവരുമായ ദിവസ വേതനക്കാരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥിരനിയമനത്തിനുള്ള നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും അത്തരത്തിലൊരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ കമ്പനിയിലെ സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി യൂണിയനുകൾ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിനെ തുടർന്ന് കോടതി ഇടക്കാല വിധിയിലൂടെ ഇക്കാര്യം സ്റ്റേ ചെയ്തിരിക്കുകയാണ്. |

| | | | |
|---|---|---|---|
| ബി) | ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിലെ സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; | ബി) | കോടതിയിൽ കേസ് വാദത്തിനായി വരുന്ന മുറക്ക് ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വികരിക്കുന്നതാണ്. |
| സി) | കേരള ഫീഡ്സിൽ ജോലി നോക്കുന്ന ദിവസവേതനക്കാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | സി) | കേരളാ ഫീഡ്സിലെ ദിവസ വേതനക്കാരുടെ വേതനം അവസാനമായി 1.10.2017ൽ പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ